ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : റിപ്പോർട്ട് കിട്ടി അത് പഠിച്ചതിനുശേഷമേ ഉറപ്പു പറയാൻ പറ്റുകയുള്ളൂ. ഇപ്പോൾ കെൽട്രോൺ ലാഭത്തിലാണ് നടക്കുന്നത് എന്ന് കണക്കുകൾ തെളിയിക്കുന്നു. അതിന്റെയടിസ്ഥാനത്തിൽ ഇത് കണ്ടിന്യൂ ചെയ്യണമോ അതല്ല വേറെ രീതിയിൽ റീ- സ്ട്രക്ച്ചർ ചെയ്യണമോ എന്നതിനെ സംബന്ധിച്ച് റിപ്പോർട്ട് കിട്ടിയതിനുശേഷം അറിയിക്കാം. അല്ലാതെ ഉറപ്പു പറയാൻ സാദ്ധ്യമല്ല.

(2) പാൻമസാലയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതുമൂലം ആരോഗ്യമേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ : നമ്മുടെ നാടിനെ അതീവ ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുന്ന പാൻമസാലയുടെ ഉപയോഗത്തെക്കുറിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അത്യന്തം അപകടകാരിയായ പാൻമസാലയുടെ ഉപയോഗം കേരളത്തിൽ ഭയാനകമാംവിധത്തിൽ വർദ്ധിച്ചിരിക്കുന്നു. കേരളം ഇൻഡ്യയിലെ പ്രമുഖ പാൻമസാല കമ്പോളമായി മാറിയിരിക്കുന്നു. കേരളത്തിൽ 35,000 കിലോ പാൻമസാലയാണ് ഒരു മാസം വിറ്റഴിക്കുന്നത്. മാരകമായ രോഗങ്ങൾക്ക് ഇടയാക്കുന്ന പാൻമസാലയുടെ ഉപയോഗം ഇങ്ങനെ പോയാൽ അഞ്ചോ, ആറോ കൊല്ലം കഴിയുമ്പോൾ കാൻസർപോലുള്ള അതീവ ഗുരുതരമായിട്ടുള്ള രോഗത്തിന് കേരളം അടിമപ്പെടും. ഇത് കേരളത്തെ കാൻസർ പ്രളയ സംസ്ഥാനമാക്കി മാറ്റും എന്നുള്ള കാര്യത്തിൽ സംശയമില്ല. കണക്കുകളുടെയും പഠനത്തിന്റെയും പിൻബലത്തിൽ നിരവധി വിദഗ്ദ്ധർ ഇതുസംബന്ധിച്ച കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. തിരുവനന്തപുരം കാൻസർ സെന്ററിലെ ഉന്നത ഡോക്ടർമാർ, അതുപോലെ ദന്തൽ അസോസിയേഷൻ ഓഫ് കേരള തുടങ്ങിയവർ നടത്തിയ പഠനത്തിൽ നിന്ന് പാൻമസാല കാൻസറിനെക്കാൾ ഭയാനകമായ രോഗങ്ങൾ ഉണ്ടാക്കും എന്നു ചൂണ്ടിക്കാണിക്കുന്നു. അപകടകരമാകുന്ന പല രോഗങ്ങളും.....

മി. സ്പീക്കർ : ഏതാണ് കാൻസറിനെക്കാൾ ഭയാനകമായ സുഖക്കേട്.

ശ്രീ. തോമസ് ഉണ്ണിയാടൻ : ഭയാനകമായ ചില അർബുദ രോഗങ്ങൾ ഉണ്ട്. എത്രമാത്രം അന്വേഷിച്ചാലും അതിന്റെ കാരണം കണ്ടുപിടിക്കാൻ പറ്റാത്ത സ്ഥിതിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്നു എന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ട് അതീവ ഗുരുതരമല്ല എന്ന് നമുക്ക് തോന്നിയേക്കാം, പക്ഷേ അതീവഗുരുതരമാണ്. പാൻമസാലയുടെ ഉപയോഗം ലൈംഗികശേഷിയെ തകർക്കുന്നു ; വന്ധ്യതയെ ബാധിക്കുന്നു. അവിവാഹിതരായ ആളുകൾക്ക് സംശയം ഉണ്ടാകുന്ന മനോരോഗംവരെ ഇതുമൂലം ഉണ്ടാകാൻ സാദ്ധ്യതയുണ്ട് എന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നു. അതുപോലെ തന്നെ വ്യക്തികളെയും കുടുംബങ്ങളെയും തകർക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ പോകുന്നു. 50 ശതമാനം മുതൽ 70 ശതമാനംവരെ വായിലാണ് കാൻസർ ഉണ്ടാകുന്നത്. വായിൽ

LIBRARY ARCHIVES Kerala Legislative Assembly

കാൻസർ ഉണ്ടാകുന്നതിന്റെ പ്രധാന കാരണവും പാൻ മസാലയുടെ ഉപയോഗമാണ്. പാൻ മസാലയിലെ മുഖ്യ ഘടകം എന്നുപറയുന്നത്, ഭയാനകമായ വിഷാംശമുള്ള പല ഘടകങ്ങളും അതിൽ അടങ്ങിയിട്ടുണ്ട്. അതുപോലെ തന്നെ പുകയില, അടയ്ക്ക, ചുണ്ണാമ്പ് ഇവയിലും വളരെയധികം ഭയാനകമായിട്ടുള്ള വിഷാംശം അടങ്ങിയിരിക്കുന്നു. ഇത് വളരെ ഗുരുതരമാണ്. sub mucosid fibrosis, luco plachea ഒക്കെയാണ് കാൻസർ കൂടാതെയുള്ള അസുഖങ്ങൾ. അതുപോലെതന്നെ നേരത്തെ കാൻസർ രോഗം കേരളത്തിൽ. ഉണ്ടായിക്കൊണ്ടിരുന്നത് 60-70 വയസ്സിനുമേലുള്ള ആളുകൾക്കായിരുന്നു ഇപ്പോൾ 25-30 വയസ്സുള്ള ചെറുപ്പക്കാർക്കാണ് കാൻസർ രോഗം പിടിപ്പെടുന്നത്. പാൻമസാലയുടെ ഉപയോഗംമൂലം തിരുവനന്തപുരം കാൻസർ സെന്ററിൽത്തന്നെ 40 ചെറുപ്പക്കാർ കാൻസറും അതിന്റെ അനുബന്ധ രോഗങ്ങളുംമൂലം ചികിൽസയിൽ കഴിയുകയാണ്. പാൻമസാല ചവച്ചിറക്കുന്നതുമൂലം തൊണ്ടയിലും വയറ്റിലും കാൻസർ രോഗം ഉണ്ടാകുകയാണ്. പാൻമസാല ഉപയോഗിക്കുന്നതിന്റെ പിന്നിലുള്ള പ്രധാനപ്പെട്ട കാരണങ്ങൾ ആകർഷകങ്ങളായ ഇതിന്റെ പരസ്യങ്ങളാണ്. മറ്റൊന്ന് കുറഞ്ഞ ചെലവിൽ ലഹരി ഉപയോഗിക്കാം എന്നുള്ള ഒരു ആഗ്രഹം. മറ്റൊരുകാര്യം ആരും അറിയാതെ ഇത് ഉപയോഗിക്കാൻ കഴിയുന്നു എന്നുള്ളതാണ്. ചിലർ ഹോബിയായിട്ടാണ് പാൻമസാല ഉപയോഗിക്കാൻ തുടങ്ങുന്നത്. നാക്കിനടിയിലും, കവിളിലും പാൻമസാല വച്ച് ശീലിക്കുന്നു, കുറച്ചുനാൾ കഴിയുമ്പോൾ ആ ഭാഗം ദ്രവിക്കുന്നു, പിന്നീട് ഇതിന് അടിമയായി മാറുമ്പോൾ ഇത് മറ്റൊരു ഭാഗത്തേക്ക് മാറ്റുന്നു. 1993-ലാണ് പാൻമസാല കേരളത്തിൽ ഉപയോഗിച്ചുതുടങ്ങിയത്. തൊഴിലാളികൾ അവരുടെ മടിശ്ശീലകളിൽ വച്ചായിരുന്നു പാൻമസാല നേരത്തെ ഉപയോഗിച്ചിരുന്നത്. ഇപ്പോൾ എൽ.പി. സ്കൂളുകളിലെയും, യു.പി. സ്കൂളുകളിലെയും, ഹൈസ്കൂളുകളിലെയും, കോളേജിലെയും വിദ്യാർത്ഥികൾ പാൻമസാലയ്ക്ക് പുസ്തകത്തിനുള്ളിൽ വച്ചുകൊണ്ടു നടന്ന് ഉപയോഗിക്കുന്നു. ഇന്ന് അതിന് അടിമകളായിക്കൊണ്ടിരിക്കുകയാണ്. പല സ്കൂളുകളിലും കോളേജുകളിലും ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികൾ പാൻമസാല ഉപയോഗിക്കുന്നു എന്നുള്ളത് റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു. കോഴിക്കോട് പാൻമസാല ഉപയോഗിക്കുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൊന്നാണ്. അവിടെ സെന്റ് ആന്റണീസ് സ്കൂളിലെ നിർമ്മലാ ജെയിംസ് എന്ന ടീച്ചർ ഇതുസംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഏഴ് സ്കൂളുകളിൽ ചെന്നു, ആ സ്കൂളുകളിൽ ചെന്നപ്പോൾ കിട്ടിയ വിവരങ്ങൾ ഞെട്ടിക്കുന്നതാണ്. 45 ശതമാനം കുട്ടികൾ സ്ഥിരമായി പാൻമസാല ചവയ്ക്കാറുണ്ടെന്നും, 22 ശതമാനം കുട്ടികൾ പുകയില ചേർത്ത പാൻമസാല ഉപയോഗിക്കുന്നുണ്ടെന്നും ഉള്ള റിപ്പോർട്ടുകളാണ് കിട്ടിയത്. നമ്മുടെ സ്കൂൾ കാമ്പസുകളിലും കോളേജ് കാമ്പസുകളിലുമൊക്കെ പാൻമസാലയുടെ ഒഴിഞ്ഞ കൂടുകളുടെ കൂമ്പാരങ്ങൾ കാണാൻ കഴിഞ്ഞിരിക്കുന്നു. പല കുട്ടികളും വീട്ടിൽ അറിയാതെ പാൻമസാല ഉപയോഗിക്കുന്നു. അവർ അതിന് അടിമകളായി മാറുന്നു എന്നുള്ള കാര്യത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു സംശയവുമില്ല. കാസർഗോഡ് ജില്ലയിലെ ഉപ്പളയിലെ സ്കൂളിലെ ഒരു കുട്ടി പെട്ടെന്ന് തലചുറ്റി വീണുമരിച്ചു, പാൻമസാലയ്ക്ക് അടിമയായ ആ കുട്ടിയുടെ പ്രഷർ പെട്ടെന്ന് കുറഞ്ഞുപോയതുകൊണ്ടാണ് മരിച്ചത് എന്നാണ് വൈദ്യശാസ്ത്രം ചൂണ്ടിക്കാണിച്ചത്. ഇങ്ങനെ പോകുന്ന അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകണം. അമേരിക്കൻ രാജ്യങ്ങളിലോ യൂറോപ്യൻ രാജ്യങ്ങളിലോ പാൻമസാല ഒരു കാരണവശാലും അനുവദിക്കുന്നില്ല. അതുപോലെ ഇൻഡ്യയിൽ തന്നെ മഹാരാഷ്ട്ര, ആന്ധ്രാപ്രദേശ്, ഡൽഹി എന്നിവിടങ്ങളിൽ..... പാൻമസാല നിരോധിച്ചു. നമ്മുടെ സംസ്ഥാനത്ത് 1998-ൽ ഒരു നോട്ടിഫിക്കേഷനിലൂടെ പാൻമസാല നിരോധിച്ചു. ഡയറക്ടർ ഓഫ് മെഡിക്കൽ സയൻസാണ് അത് നിരോധിച്ചത്. ആ നോട്ടിഫിക്കേഷനിൽ ചില പഴുതുകൾ ഉണ്ടായിരുന്നതുമൂലം ഹൈക്കോടതി ആ നോട്ടിഫിക്കേഷന്റെ ഉത്തരവ് സ്റ്റേചെയ്തു. അത് ഇന്നിപ്പോൾ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിൽ ആണ്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും നിരോധിച്ചതുപോലെ ഈ ഗുരുതരമായ അവസ്ഥയെ നേരിടുന്നതിന് വേണ്ടി ശക്തമായ നിയമനിർമ്മാണം പഴുതുകൾ ഇല്ലാതെ ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) : സർ, പാൻമസാലയുടെ ഉപയോഗം കാൻസർ തുടങ്ങിയ രോഗങ്ങൾ ഉണ്ടാക്കും എന്നുള്ളത് വസ്തുതയാണ്. വിദ്യാർത്ഥികളും വിദ്യാർത്ഥിനികളും പാൻമസാലയ്ക്ക് അടിമകളാകുന്നു എന്നുള്ളതും സ്ഥിതിവിവര കണക്കുകൾ വിലയിരുത്തുമ്പോൾ മനസ്സിലാകുന്നുണ്ട്. ഭയാനകമായ ഒരു സ്ഥിതിവിശേഷമാണ് ഇതുമൂലം ഉണ്ടാകുന്നത്. ഇതിന്റെ ഉപയോഗംമൂലമുള്ള ദുഷ്യഫലങ്ങൾ ഏറെയാണ്. ഇത് കണക്കിലെടുത്തുകൊണ്ടാണ് സംസ്ഥാന ഫുഡ് അതോറിറ്റി കൂടിയായ ആരോഗ്യവകുപ്പ് ഡയറക്ടർ പുകയില ചേർന്ന പാൻമസാലയുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നിവ 1954-ലെ കേന്ദ്ര ഭക്ഷ്യ മായംചേർക്കൽ നിരോധന നിയമത്തിലെ സെക്ഷൻ 7 പ്രകാരം നിരോധിച്ചത്. പ്രസ്തുത നിരോധന ഉത്തരവിനെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഒരു ഒ.പി.-ലെ വിധിന്യായത്തിലൂടെ അസാധുവാക്കുകയാണ് ഉണ്ടായത്.തുടർന്ന് 31-5-2001-ൽ ഒ.പി.24-173/2000 (ആർ) കേസ് പ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ താൽക്കാലിക ഉത്തരവിൽ കേന്ദ്ര ഭക്ഷ്യ മായം ചേർക്കൽ നിരോധന നിയമം അനുശാസിക്കും പ്രകാരം പുകയില ചേർത്ത പാൻമസാല നിരോധിക്കാനായി നടപടി സ്വീകരിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിർദ്ദേശമുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം 19-6-2001-ൽ ആരോഗ്യവകുപ്പ് ഡയറക്ടർ 1-7-2001 മുതൽ 30-6-2002 വരെ സംസ്ഥാനത്തിനകത്ത് പുകയില ചേർന്ന പാൻമസാല നിരോധിക്കുകയുണ്ടായി. എന്നാൽ ആ ഉത്തരവിനെയും

LIBRARY ARCHIVES Kerala Legislative Assembly

19-6-2001-ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഒ.പി. നമ്പർ 19/635/2001 എന്ന കേസിന്റെ വിധിന്യായത്തിലൂടെ ഭക്ഷ്യ മായംചേർക്കൽ നിരോധന ചട്ടത്തിലെ അപര്യാപ്തത എന്ന കാരണത്താൽ അസാധുവാക്കുകയാണുണ്ടായത്. പുകയില ചേർത്ത പാൻമസാല നിരോധിക്കണമെന്നുള്ള പൊതുജന താൽപ്പര്യം മുൻനിർത്തി സമഗ്രമായി പരിഷ്ക്കരിച്ച 2002-ലെ നിർദ്ദിഷ്ട കേരള ഭക്ഷ്യ മായംചേർക്കൽ നിരോധന ചട്ടം കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ആയത് പ്രാബല്യത്തിൽ വരുന്നതോടെ പുകയില ചേർത്ത പാൻമസാല ഉൾപ്പെടെയുള്ള, ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ നിരോധിക്കുന്നതിനുള്ള ശക്തമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്. കൂടാതെ സംസ്ഥാനത്തെ ഫുഡ് ഇൻസ്പെക്ടർമാർ നിയമാനുസരണം ശേഖരിക്കുന്ന പാൻമസാല ഉൾപ്പെടെയുള്ള ആഹാര പദാർത്ഥങ്ങൾ പരിശോധിച്ച് മായം കലർന്നതായി തെളിയുന്നവയ്ക്കെതിരെ നിയമ നടപടികൾ ഇപ്പോൾതന്നെ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ : മഹാരാഷ്ട്രയിലും ആന്ധ്രാപ്രദേശിലും ഡൽഹിയിലും ആ സംസ്ഥാന ഗവൺമെന്റ് നിയമനിർമ്മാണം നടത്തിയാണ് പാൻമസാല നിരോധിച്ചത്. ആ രൂപത്തിൽ കേരള ഗവൺമെന്റ് നിയമനിർമ്മാണം നടത്തി കോടതിയിൽ ചെന്നാൽ പഴുതുകൾ ഇല്ലാതെവരുന്ന, ചോദ്യംചെയ്യാൻ പറ്റാത്ത നിയമനിർമ്മാണത്തിലൂടെ പാൻമസാല നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ശങ്കരൻ : സമഗ്രമായ ഒരു നിയമത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

III സബ്മിഷൻ

1. കണ്ണൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിലെ പ്രൈമറി അദ്ധ്യാപക ഒഴിവുകൾ അടിയന്തരമായി നികത്തണമെന്ന ആവശ്യം

ശ്രീ. ടി. കെ. ബാലൻ : സർ, കണ്ണൂർ ജില്ലയിൽ 120-ൽ അധികം പ്രൈമറി അദ്ധ്യാപകരുടെ ഒഴിവുകളുണ്ട്. പല പ്രൈമറി, യു.പി. സ്കൂളുകളിലും അദ്ധ്യാപകരില്ലാത്തതിനാൽ വിദ്യാർത്ഥികളുടെ പഠനം സ്തംഭിച്ചിരിക്കുകയാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളതിനാൽ ഗുരുതരമായ ഈ സ്ഥിതിവിശേഷത്തിന്, അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) : കണ്ണൂർ ജില്ലയിലെ സർക്കാർ സ്കൂളുകളിലെ ഒഴിവുള്ള പ്രൈമറി അദ്ധ്യാപകരുടെ 60 ഒഴിവുകൾ നികത്തുന്നതിനായി വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറെ അറിയിച്ചതിന്റെ ഭാഗമായി അദ്ദേഹം നടപടികൾ എടുത്തുവരുന്നു. ശേഷിക്കുന്ന 40 ഒഴിവുകളിൽ Inter District Transfer വഴി നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly